# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ. ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 957/11/12/2023/ TVM**

പരാതികക്ഷി : ജിഷ എലിസബത്ത്,കാർത്തിക
ടി.സി.25/61,ഗാന്ധാരി അമ്മൻ കോവിലിനു സമീപം
മേലെ തമ്പാനൂർ,തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 27.01.2024**

05.02.2023 തീയതി തമ്പാനൂർ പ്രീപെയ്ഡ് ഓട്ടോ കൗണ്ടറിൽ നിന്നും KL01CN 0554 എന്ന ഓട്ടോയിൽ കയറിയ പരാതികക്ഷിയെ ഓട്ടോയുടെ ഡ്രൈവർ ചീത്തവിളിക്കുകയും വാഹനത്തിൽ നിന്നും ഇറക്കിവിടുകയും ചെയ്ത സംഭവത്തിൽ നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ തമ്പാനൂർ പോലീസ് ഇൻസ്പെക്ടർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷി തമ്പാനൂർ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എതിർകക്ഷി ഓട്ടോ ഡ്രൈവർക്ക് 250/-രൂപ പെറ്റിയും, പെർമിറ്റ് വയലേഷൻസ് നമ്പർ 8012 പ്രകാരം 3000/-രൂപ പെറ്റിയും പെൻഡിംഗായി നൽകിയിട്ടുള്ളതും കൂടാതെ ഡ്രൈവറുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനായി ആർ.ടി.ഒ തിരുവനന്തപുരത്തിന് കത്ത് നൽകിയിട്ടുള്ളതുമാണെന്നും റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. പരാതി സംഗതിയിൽ പോലീസ് അന്വേഷണം നടത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ പരാതിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലായെന്ന് കണ്ട് തീർപ്പാക്കുന്ന

ഒപ്പ്
കെ. ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

A —
രജിസ്ട്രാർ